# Energy Management Centre Kerala

Thiruvananthapuram, Kerala
www.keralaenergy.gov.in

## <u>സെർവ് ആസ് എ വാളണ്ടിയർ ഫോർ എനർജി എന്ന സേവ് (SAVE - Serve As a Volunteer for Energy) റിപ്പോർട്ട്</u>

2008 ൽ മലയാള മനോരമയും എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് നടപ്പിലാക്കിത്തുടങ്ങിയ **സെർവ് ആസ് എ വാളണ്ടിയർ ഫോർ എനർജി എന്ന സേവ്** (**SAVE - Serve As a Volunteer for Energy**) പരിപാടി നാല് ഘട്ടങ്ങൾ പിന്നിട്ടിരിക്കുകയാണ്. മത്സരങ്ങളുടെ വൈവിധ്യം കൊണ്ടും, രീതി കൊണ്ടും, കുട്ടികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം കൊണ്ടും ഈ പരിപാടി ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്.

ഒന്നാംഘട്ടത്തിൽ മനോരമയുടെ വിദ്യാഭ്യാസ സപ്ളിമെന്റ് ആയ പഠിപ്പുരയിലൂടെ ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അവ നടപ്പിലാക്കുന്ന രീതികളെക്കുറിച്ചും ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും, ഊർജ്ജസംരക്ഷണം വിഷയമാക്കി പദപ്രശ്നം. പെയിന്റിംഗ്, കാർട്ടൂൺ , ക്വിസ് തുടങ്ങിയ മത്സര പരിപാടികൾ നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയുമുണ്ടായി. അവസാന ഘട്ടത്തിൽ നാലു മാസക്കാലയളവിൽ അവരവരുടെ വീടുകളിൽ വൈദ്യുതി ലാഭിക്കുന്നതിനുള്ള പല മാർഗ്ഗങ്ങളും സ്വീകരിച്ച് അവ റിപ്പോർട്ടുകളാക്കി അയക്കുന്ന മത്സരത്തിലൂടെ ലാഭിക്കാനായത് 1,15,000 യൂണിറ്റ് വൈദ്യുതിയാണ്. എന്നാൽ ശാസ്ത്രീയമായ വിലയിരുത്തലിൽ മത്സരത്തിൽ പങ്കെടുത്തവരും അല്ലാത്തവരുമായി 216 മില്ല്യൻ യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞു എന്ന് കണ്ടെത്തിയിട്ടുണ്ട്. നേരിട്ട് മത്സര പരിപാടിയിൽ 1500 വിദ്യാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്. ഓരോ ജില്ലകളിലും സമ്മാന വിതരണത്തിനായി ഇ. എം. സി യുടെ നേതൃത്വത്തിൽ ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്ഥലം എം. എൽ എ. ജില്ലാ കലക്ടർ മറ്റു ജനപ്രതിനിധികൾ തുടങ്ങിയവയരുടെ സാന്നിധ്യത്തിൽ സമ്മാനം വിതരണം ചെയ്യുകയും ചെയ്ത് ഊർജ്ജ സംരക്ഷണ സന്ദേശം കൂടുതൽ ജനങ്ങളിലെത്തിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

രണ്ടാംഘട്ട മത്സരപരിപാടികളിൽ കൂടുതൽ ബോധവല്ക്കരണം ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിലെ കലാ സാംസ്കാരിക മേഖലയിലെ പ്രമുഖരുടെ സന്ദേശത്തോടുകൂടി പല ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളും പ്രസിദ്ധപ്പെടുത്തുകയും അതിനോടനുബന്ധിച്ചുള്ള ക്വിസ്, എസ്. എം. എസ് തുടങ്ങിയ മത്സര പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ വിദ്യാർത്ഥികൾക്ക് മാത്രമല്ല, പൊതുജനങ്ങൾക്കും ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി റിപ്പോർട്ടുകൾ തയ്യാറാക്കി മത്സരത്തിൽ പങ്കെടുക്കുവാനുള്ള അവസരം നൽകുകയുണ്ടായി. ഈ പരിപാടിയിൽ 45,000 പേർ പങ്കെടുക്കുകയുണ്ടായി.

മൂന്നാംഘട്ട പരിപാടിയിൽ നമ്മുടെ യുവ തലമുറയുടെ ശ്രദ്ധ ഊർജ്ജ സംരക്ഷണത്തിലേക്ക് തിരിച്ചു വിടുക എന്ന ലക്ഷ്യത്തോടെ കലാ സാംസ്കാരിക രംഗത്തുള്ള യുവ പ്രതിഭകളുടെ സന്ദേശത്തോടു കൂടി ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ പ്രസിദ്ധപ്പെടുത്തി ക്വിസ്, എസ്. എം. എസ് മത്സര പരിപാടികൾ സംഘടിപ്പിച്ചു. സംസ്ഥാന ജില്ലാതല സമ്മാനദാന ചടങ്ങുകളിലൂടെ ബോധ വല്ക്കരണ ക്ളാസ്സുകൾ സംഘടിപ്പിക്കുകയും കൂടുതൽ പേരിൽ ഊർജ്ജ സംരക്ഷണ സന്ദേശം എത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

പൊതുജനങ്ങളെ ലക്ഷ്യമിട്ടു നടത്തിയ നാലാം ഘട്ട പരിപാടിയുടെ സമ്മാന വിതരണ നടപടികൾ പുരോഗമിക്കുന്നു.

മൂന്നാംഘട്ട പരിപാടിയിൽ അവരവരുടെ വീടുകളിൽ വൈദ്യുതി ലാഭിക്കുന്നതിന് പല പരിപാടികളും നടപ്പിലാക്കിയതിന്റെ റിപ്പോർട്ട് തയ്യാറാക്കി, ദിനം പ്രതിയുള്ള മീറ്റർ റീഡിംഗ്, ബില്ലുകളുടെ കോപ്പി ഉൾപ്പെടെ അയച്ചു തന്നതിൽ നിന്നും, 84 ശതമാനം വരെ വൈദ്യുതി ലാഭിച്ച തിരുവനന്തപുരം ജില്ലയിലെ ശ്രീ വിഷ്ണു എസ് കുമാറിന് സമ്മാനമായി ലാപ് ടോപ്പ് കമ്പ്യൂട്ടറും, 83 ശതമാനം വൈദ്യുതി ലാഭിച്ച തൃശ്ശൂർ ജില്ലയിലെ കുമാരി ഗ്ലോറിയ ടോണി, 82 ശതമാനം വൈദ്യുതി ലാഭിച്ച കൊല്ലം ജില്ലയിലെ ശ്രീ. നിതിൻ കൃഷ്ണൻ എന്നിവർക്ക് 180 ലിറ്ററിന്റെ ഫൈവ് സ്റ്റാർ റേറ്റഡ് റഫ്രിജറേറ്ററുകളും സമ്മാനമായി നൽകുന്നു. 10 കുട്ടികൾക്ക് ഫൈവ് സ്റ്റാർ റേറ്റഡ് സീലിംഗ് ഫാനും, പ്രോത്സാഹന സമ്മാനമായി 52 കുട്ടികൾക്ക് എൽ ഇ ഡി ടോർച്ചും നൽകുന്നു.

ഈ പരിപാടിയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പങ്കെടുത്തത് എറണാകുളം ജില്ലയിൽ നിന്നുമാണ്, തുടർന്ന് തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളും. 1589 കുട്ടികൾ പൂർണ്ണമായി പങ്കെടുത്തതിൽ നിന്നും ലാഭിച്ചത് 1,14,736 യൂണിറ്റ് വൈദ്യുതിയാണ്. ശരാശരി ഒരു കുട്ടി 72 യൂണിറ്റ് വൈദ്യുതിയാണ് 2 മാസം കൊണ്ട് ലാഭിച്ചത്. പങ്കെടുത്ത 481 കുട്ടികൾ 50 ശതമാനത്തിനു മുകളിൽ വൈദ്യുതി ലാഭിച്ചിട്ടുണ്ട്. ഇത് എടുത്തു പറയേണ്ട ഒരു സംഭാവനയാണ്.

മറ്റു മത്സരങ്ങളെ അപേക്ഷിച്ച് സേവ് മത്സരത്തിന്റെ പ്രത്യേകത മത്സരത്തിൽ വിജയികളാകുക എന്നതിലുപരി ഊർജ്ജ സംരക്ഷണം ഒരു ദേശീയാവശ്യമായി കണ്ട് കൂടുതൽ കൂടുതൽ വൈദ്യുതി ലാഭിച്ച് മാതൃക കാട്ടുക എന്ന ഒരു വികാരം എല്ലാ മത്സരാർത്ഥികളിലും ഉണ്ടായിരുന്നു. മത്സരത്തിൽ ആരാണ് കൂടുതൽ വൈദ്യുതി ലാഭിച്ചത് എന്നറിയാൻ മിക്കവാറും ഇ. എം. സി യിൽ ഫോണിൽ ബന്ധപ്പെടാറുള്ള ഒരു കുട്ടിയുടെ വാക്കുകൾ ഇവിടെ പങ്കുവെക്കുകയാണ്. അനാവശ്യമായി ലൈറ്റുകളും ഫാനുകളും ഓൺ ചെയ്തിടരുതെന്ന് വീട്ടുകാരെ എന്നും ഓർമ്മിപ്പിക്കുമെങ്കിലും സ്കൂളിൽ നിന്നും മടങ്ങി വരുമ്പോൾ ഏതെങ്കിലും ഒരു ലൈറ്റ് ഓൺ ആയി കിടക്കുന്നു. പിന്നെ ആരും അറിയാതെ സ്കൂളിൽ പോകുമ്പോൾ മെയിൻ സ്വിച്ച് ഓഫാക്കി പോകും. അല്ലാതെ രക്ഷയില്ല. ഈ കൊച്ചു കൂട്ടുകാരനെ വൈദ്യുതി സംരക്ഷണമെന്നാൽ വൈദ്യുതി ഉപയോഗിക്കാതിരിക്കലല്ല, മറിച്ച് അത് കാര്യക്ഷമമായി ഉപയോഗിക്കുകയാണെന്ന് ബോധ്യപ്പെടുത്താനും ഈ പരിപാടികൊണ്ട് കഴിഞ്ഞിട്ടുണ്ട്. സേവ് മത്സരത്തിൽ പങ്കെടുത്തവർ ഈ കാലയളവിൽ നടപ്പിലാക്കിയ വൈദ്യുതി സംരക്ഷണ മാർഗ്ഗങ്ങൾ തുടർന്നും നടപ്പിലാക്കി തുടർച്ചയായി വൈദ്യുതി ലാഭം നേടുന്നുണ്ടോ എന്ന് കെ. എസ്. ഇ. ബി ഓഫീസുമായി ബന്ധപ്പെട്ട് ഉറപ്പു വരുത്തിയതിനുശേഷമാണ് വിജയികളെ കണ്ടെത്തിയിട്ടുള്ളത്. സേവ് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് കൊച്ചു കൂട്ടുകാർക്ക് പ്രത്യേകം അഭിനന്ദനങ്ങൾ കൂടാതെ ഊർജ്ജ സംരക്ഷണം പോലെ സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങൾ ഏറ്റെടുത്ത് പത്ര മാധ്യമങ്ങളുടെ സാമൂഹ്യ പ്രതിബന്ധത പൊതുജനങ്ങൾക്ക് കാട്ടിക്കൊടുത്ത മലയാള മനോരമയ്ക്കും. ഇത്തരം പരിപാടികൾ നടത്തുന്നതിന് സാമ്പത്തിക സഹായം ഉൾപ്പെടെ എല്ലാ സഹായങ്ങളും നൽകി ഇ. എം. സി യെ പ്രോത്സാഹിപ്പിച്ച കെ. എസ്. ഇ. ബി. ക്കും പ്രത്യേക നന്ദി അറിയിച്ചു കൊള്ളുന്നു.


Districtwise % of participants
KASARGODE, 3%
THIRUVANANTHAPURAM, 11%
KANNUR, 5%
KOZHIKODE, 7%
KOLLAM, 9%
WAYANAD, 1%
MALAPPURAM, 7%
PATHANAMTHITTA, 5%
PALAKKAD, 6%
ALAPPUZHA, 8%
THRISSUR, 11%
KOTTAYAM, 10%
ERNAKULAM, 13%
IDUKKI, 3%


Average Units Savings/Participant
(District Wise)
100
80
60
40
20
0
63
69
69
66
79
62
71
74
86
74
43
78
71
91
THIRUVANANTHAPUR ...
KOLLAM
PATHANAMTHITTA
ALAPPUZHA
KOTTAYAM
IDUKKI
ERNAKULAM
THRISSUR
PALAKKAD
MALAPPURAM
WAYANAD
KOZHIKODE
KANNUR
KASARGODE




| | District | Participants | District wise % participants | Units Saved |
|---|---|---|---|---|
| 1 | THIRUVANANTHAPURAM | 176 | 11% | 11037 |
| 2 | KOLLAM | 146 | 9% | 10002 |
| 3 | PATHANAMTHITTA | 86 | 5% | 5924 |
| 4 | ALAPPUZHA | 127 | 8% | 8324 |
| 5 | KOTTAYAM | 162 | 10% | 12851 |
| 6 | IDUKKI | 41 | 3% | 2532 |
| 7 | ERNAKULAM | 201 | 13% | 14313 |
| 8 | THRISSUR | 170 | 11% | 12574 |
| 9 | PALAKKAD | 96 | 6% | 8212 |
| 10 | MALAPPURAM | 118 | 7% | 8771 |
| 11 | WAYANAD | 17 | 1% | 735 |
| 12 | KOZHIKODE | 119 | 7% | 9306 |
| 13 | KANNUR | 83 | 5% | 5889 |
| 14 | KASARGODE | 47 | 3% | 4266 |
| | State Total | 1589 | 100% | 114736 |